(2) കേരള കാർഷിക സർവകലാശാല നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമ ഉള്ളവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്ത് /OMR പരീക്ഷ പാസ്സാകേണ്ടതാണ്. ഇവരെ 16.10.1975 തീയതിയിലെ GO(Ms)312/75/Agri. പ്രകാരം എൻഡ്യൂറൻസ് ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) 30.09.2020 തീയതിയിലെ GO(Ms)77/2020/Agri ഉത്തരവ് പ്രകാരം നല്ല കായികശേഷി കണക്കാക്കുന്നതിനുള്ള എൻഡ്യൂറൻസ് ടെസ്റ്റിൽ നിന്നും എം.ജി..റ്റി.ഇ (കൃഷി) യോഗ്യതയുള്ളവരേയും 50 വയസ്സ് പൂർത്തിയായ വകുപ്പിലെ ജീവനക്കാരേയും ഒഴിവാക്കിയിട്ടുണ്ട്.

(4) എൻഡ്യൂറൻസ് ടെസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത എല്ലാ ഉദ്യോഗാർത്ഥികളും പി.എസ്.സി നടത്തുന്ന എൻഡ്യൂറൻസ് ടെസ്റ്റ് പാസ്സായിരിക്കണം.

എൻഡ്യൂറൻസ് ടെസ്റ്റ് :

i. 1600 മീറ്റർ ഓട്ടം – പരാമാവധി സമയം 10 മിനിട്ട്.
ii. 0.4 ആർ സ്ഥലം കിളയ്ക്കൽ – പരമാവധി സമയം 1 മണിക്കൂർ.

(5) പ്രീസർവ്വീസ് ട്രെയിനിംഗ് :-

തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ കൃഷിയിൽ അംഗീകൃത പരിശീലനം ഉള്ളവർ ഒഴികെ മറ്റെല്ലാവരും ഒല്ലൂർക്കരയിലോ തളിപ്പറമ്പിലോ ഉള്ള ട്രെയിനിംഗ് സെന്ററിന്റെ ആറ് മാസത്തെ ട്രെയിനിംഗ് കോഴ്സിന് പങ്കെടുക്കേണ്ടതാണ്. തിയറിക്കും പ്രാക്ടിക്കലിനും തീവ്രമായ ട്രെയിനിംഗ് നൽകുന്നതാണ്, ട്രെയിനിംഗിനുശേഷം അതാത് ജില്ലകളിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടത്തുന്ന ടെസ്റ്റുകളിൽ വിജയിക്കേണ്ടതാണ്. (തിയറി, പ്രാക്ടിക്കൽ, ഓറൽ) ആദ്യ അവസരത്തിൽ തന്നെ ഈ ടെസ്റ്റുകളിൽ വിജയിക്കാത്തവർക്ക് അവരുടെ പ്രൊബേഷൻ കാലത്ത് രണ്ട് അവസരങ്ങൾ കൂടി നൽകുന്നതാണ്. എന്നാൽ വീണ്ടും പരാജയപ്പെട്ടാൽ അവരുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്. പ്രൊബേഷൻ കാലത്ത് വർഷത്തിൽ രണ്ട് പ്രാവശ്യം ടെസ്റ്റ് നടത്തപ്പെടുന്നതാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നവരെ 27900 -63700/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം ഗ്രേഡ് അഗ്രികൾച്ചറൽ അസിസ്റ്റന്റായി നിയമിക്കുന്നതാണ്.

(6) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളിൽ ട്രെയിനിംഗിന് വിധേയരാകാത്തവരൊഴികെ മറ്റെല്ലാവരും രണ്ട് വർഷം ഗവൺമെന്റിന്റെ കീഴിൽ സേവനം അനുഷ്ഠിക്കാമെന്നും അതിന് വീഴ്ച വന്നാൽ നഷ്ടപരിഹാരമായി 300 (PR) രൂപ ഉൾപ്പെടെ അവരുടെ പരിശീലനത്തിന് ചെലവായിട്ടുള്ള തുക മുഴുവൻ തിരികെ കൊടുത്തുകൊള്ളാമെന്നുള്ള ഒരു ബോണ്ട് നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ബോണ്ടിന്റെ മാതൃക കൃഷി വകുപ്പ് ആഫീസുകളിൽ നിന്നും ലഭ്യമാണ്.

(7) അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം അവർ പ്രീസർവ്വീസ് ട്രെയിനിംഗിന് വിധേയരാകേണ്ടവരാണെങ്കിലും അല്ലെങ്കിലും അവരുടെ റാങ്ക് സീനിയോറിറ്റി ഇവ പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമനത്തിന് ശുപാർശ ചെയ്യുന്ന ലിസ്റ്റിലെ അവരുടെ പേരുകളുടെ ക്രമമനുസരിച്ചായിരിക്കും. എന്നാൽ ഈ ട്രെയിനിംഗ് ഒന്നാമത്തെ അവസരത്തിൽ തന്നെ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കാത്തവരെ സംബന്ധിച്ചിടത്തോളം അവരുടെ റാങ്ക്, സീനിയോറിറ്റി ഇവ അവർ പിന്നീട് പാസാകുന്ന തവണയുടെയും അപ്പോൾ ലഭിക്കുന്ന മാർക്കിന്റെയും അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കുന്നതാണ്. അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരായി നിയമനം കിട്ടുന്നവർ അവരുടെ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

(സി) എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് താഴ്ന്ന ശമ്പളമുള്ള ജീവനക്കാരിൽ നിന്നും നിയമനം നടത്തുന്ന കാര്യത്തിലെന്ന പോലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യത നിർണ്ണയ പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിയമനം. തസ്തികമാറ്റം വഴി അഗ്രകൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II ആയി നിയമനം ലഭിക്കാൻ വേണ്ടി അപേക്ഷ അയയ്ക്കുന്ന ഉദ്യോഗാർത്ഥികൾ മേലധികാരിയിൽ നിന്നുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

